REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **2025 രാജ്യത്തെ ഒന്നിപ്പിച്ച നിരവധി നേട്ടങ്ങളുടെ വർഷമാണെന്ന് മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ആന്റി ബയോട്ടിക് ദുരുപയോഗം മൂലം ന്യുമോണിയ അടക്കം നിരവധി രോഗങ്ങൾക്ക് മരുന്നുകൾ ഫലപ്രദമാകാത്ത ആശങ്കാജനകമായ അവസ്ഥയുണ്ടെന്നും പ്രധാനമന്ത്രി.**
- **ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ സമാപനം.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും.**
- **ഇന്ത്യാ - ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം വൈകിട്ട് ഏഴിന് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

കടന്നു പോകുന്ന 2025 രാജ്യത്തെ ഒന്നിപ്പിച്ച നിരവധി നേട്ടങ്ങളുടെ വർഷമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയുടെ പ്രതിമാസ മൻ കി ബാതിൽ പറഞ്ഞു. ദേശീയ സുരക്ഷ മുതൽ കായിക മേഖലയിലും ശാസ്ത്ര ലാബുകളിലും ശക്തമായ മുദ്ര പതിച്ച വർഷമാണിത്. ഓപ്പറേഷൻ സിന്ദൂർ ഓരോ ഭാരതീയന്റെയും അഭിമാനത്തിന്റെ പ്രതീകമായി മാറിയെന്നും സുരക്ഷയിൽ വിട്ടുവീഴ്ച ഇല്ലെന്ന് അതിലൂടെ ലോകത്തിന് വ്യക്തമായതായും നരേന്ദ്രമോദി പറഞ്ഞു.

.....വോയ്സ്..... PM..

വന്ദേമാതരത്തിന്റെ 150 വർഷം പൂർത്തിയായപ്പോഴും ജനങ്ങളിൽ ഇതേ മനോഭാവം പ്രകടമായി. ഹാഷ് ടാഗ് വന്ദേമാതരം 150 ഉപയോഗിച്ച് സന്ദേശങ്ങളും നിർദേശങ്ങളും അയക്കണമെന്ന അഭ്യർത്ഥനയോട് ജനങ്ങൾ ആവേശത്തോടെ പ്രതികരിച്ചതായി പ്രധാനമന്ത്രി വിലയിരുത്തി.

കായിക രംഗത്ത് ഇന്ത്യൻ ക്രിക്കറ്റ് ടീം, ICC ചാമ്പ്യൻസ് ട്രോഫി നേടി. വനിതാ ക്രിക്കറ്റ് ടീം ആദ്യമായി ലോകകപ്പും സ്വന്തമാക്കി. വനിതാ ബ്ലൈന്റ് ട്വന്റി - 20 ലോകകപ്പും ഇന്ത്യ നേടി. ലോക ചാമ്പ്യൻഷിപ്പിൽ മെഡലുകൾ വാരിക്കൂട്ടി. പാരാ അത്‌ലറ്റുകളും മികച്ച പ്രകടനം നടത്തിയെന്ന് പ്രധാനമന്ത്രി അറിയിച്ചു.

.....വോയ്സ്..... PM....

ശാസ്ത്ര - ബഹിരാകാശ മേഖലകളിൽ വലിയ കുതിച്ചു ചാട്ടമുണ്ടായ വർഷമാണ് 2025. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഭാരതീയനായി ശുഭാൻശു ശുക്ല മാറി.

പ്രയാഗ്-രാജ് മഹാകുംഭമേള, അയോധ്യയിലെ രാമക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങ്, എന്നിവയെല്ലാം വർഷത്തെ പ്രധാന സംഭവങ്ങളായി മാറി. പുതിയ പ്രതീക്ഷകളും പ്രതിജ്ഞകളുമായി 2026-ലേക്ക് രാജ്യം പ്രയാണം തുടരുകയാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.......

ലോകം രാജ്യത്തെ പ്രതീക്ഷകളോടെ കാണാൻ പ്രേരിപ്പിക്കുന്നത് ഭാരതത്തിന്റെ യുവശക്തിയുടെ പേരിലാണ്. രാഷ്ട്ര നിർമ്മാണത്തിൽ യുവജനങ്ങളുടെ പങ്ക് വർദ്ധിപ്പിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് എന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇതിന്റെ രണ്ടാം പതിപ്പ് കുറച്ച് നാളുകൾക്കകം നടക്കും. അടുത്ത മാസം 12-ന് ദേശീയ യുവജന ദിനത്തിൽ യങ് ലീഡേഴ്സ് ഡയലോഗ് സംഘടിപ്പിക്കുമെന്നും അതിൽ പങ്കെടുക്കുമെന്നും നരേന്ദ്രമോദി പറഞ്ഞു.

.....വോയ്സ്..... PM

യുവാക്കളുടെ കഴിവുകൾ പ്രകടമാക്കാൻ നിരവധി പ്ലാറ്റ്ഫോമുകൾ ഗവൺമെന്റ് ഒരുക്കി വരികയാണ്. സ്മാർട്ട് ഇന്ത്യ ഹാക്കത്തണി-ലൂടെ 80-ലേറെ ഗവൺമെന്റ് വകുപ്പുകളുടെ 270-ലധികം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി.

വരും തലമുറ പുതിയ ചിന്തകളും രീതികളും ഉപയോഗിക്കുമ്പോൾ തന്നെ സംസ്കാരത്തിന്റെ വേരുകൾ മുറുകെ പിടിക്കുന്നതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു. ദുബായിലെ കന്നഡ കുടുംബങ്ങൾ മാതൃഭാഷയിൽ

നിന്ന് അകന്നു പോകാതിരിക്കാൻ കന്നഡ പാഠശാലക്ക് രൂപം നൽകിയതും പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

കാശി-തമിഴ് സംഗമത്തിന്റെ ഭാഗമായി വാരണാസിയിലെ 50-തിലധികം സ്കൂളുകളിൽ തമിഴ് കർക്കലാം പരിശീലനം ആരംഭിച്ചു. ഒഴുക്കോടെ തമിഴ് സംസാരിക്കുന്ന വാരണാസിയിലെ കുട്ടികളെ അദ്ദേഹം മൻ കി ബാതിൽ പരിചയപ്പെടുത്തി.

.......ഡെസ്ക് വോയ്സ്.......

ആന്റി ബയോട്ടിക് ദുരുപയോഗം മൂലം ന്യുമോണിയ അടക്കം നിരവധി രോഗങ്ങൾക്ക് മരുന്നുകൾ ഫലപ്രദമാകാത്ത ആശങ്കാജനകമായ അവസ്ഥ പ്രധാനമന്ത്രി ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. അശ്രദ്ധമായി ആന്റിബയോട്ടിക് ഉപയോഗിക്കുന്നതിലൂടെ പല രോഗങ്ങളെയും രോഗാണുക്കളേയും നിയന്ത്രിക്കാൻ കഴിയാതെ വരുന്ന സാഹചര്യം അദ്ദേഹം ഓർമ്മിപ്പിച്ചു. 'മരുന്നുകൾക്ക് മാർഗ ദർശനവും, ആന്റിബയോട്ടിക്കുകൾക്ക് ഡോക്ടറും ആവശ്യമാണ്' എന്ന വസ്തുത അദ്ദേഹം എടുത്തു പറഞ്ഞു.

അവസരം ലഭിക്കുമ്പോഴെല്ലാം രാജ്യത്തിന്റെ പരമ്പരാഗത ആഘോഷങ്ങളിൽ പങ്കെടുക്കാനും രാജ്യത്തിന്റെ വൈവിധ്യം ആസ്വദിക്കാനും പ്രധാനമന്ത്രി ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വടക്കൻ കർണാടകയിലെ കാർവാറിൽ INS കദംബ നാവിക താവളം സന്ദർശിക്കും. ഗോവയിൽ നിന്ന് കാർവാറിലെത്തുന്ന രാഷ്ട്രപതി, സന്ദർശനത്തിനു ശേഷം അന്തർവാഹിനിയിൽ അല്പനേരം യാത്രയും ചെയ്യും. മുൻ രാഷ്ട്രപതി ഡോ. APJ അബ്ദുൽ കലാമിന് ശേഷം അന്തർവാഹിനിയിൽ യാത്ര ചെയ്യുന്ന രണ്ടാമത്തെ രാഷ്ട്രപതിയാണ് ദ്രൗപതി മുർമു.

✪✪✪

ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ സമാപിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും സമ്മേളനത്തിൽ അധ്യക്ഷനാവും. വെള്ളിയാഴ്ചയാണ് സമ്മേളനം ആരംഭിച്ചത്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തി ദേശീയ വികസന മുൻഗണനകൾ ആവിഷ്ക്കരിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സഹകരണ ഫെഡറലിസം എന്ന കാഴ്ചപ്പാടിന് പ്രാമുഖ്യം നൽകുന്ന സമ്മേളനം കേന്ദ്ര - സംസ്ഥാന പങ്കാളിത്തത്തിന്റെ പുതിയ

മാർഗ്ഗരേഖ തയ്യാറാക്കും. വികസിത ഭാരതത്തിനാവശ്യമായ മനുഷ്യ മൂലധനം എന്ന പ്രമേയമാണ് സമ്മേളനത്തിന്റേത്.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും. നാളെ വൈകിട്ട് പാളയം LMS-ൽ ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹ സംഗമത്തിൽ ഉപരാഷ്ട്രപതി സംബന്ധിക്കും.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്നേഹ സന്ദേശം നൽകും. 30-ന് വർക്കല ശിവഗിരിയിലും തുടർന്ന് നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംഘടിപ്പിക്കുന്ന IMA നെറ്റ്കോൺ 2025 ൽ ഇന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പങ്കെടുക്കും. അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷൻ നിർമ്മിച്ച ഡ്രെയിനേജ് പൈപ്പ് ലൈനിന്റെയും SG ഹൈവേ പൈലറ്റ് പദ്ധതിയുടെയും ആദ്യ ഘട്ടം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് SIR എന്യൂമറേഷനിൽ തിരിച്ചറിയൽ രേഖകൾ സമർപ്പിക്കേണ്ടവർക്ക് ഹിയറിംഗിന് ഹാജരാകാൻ ഒരാഴ്ച മുമ്പെ നോട്ടീസ് നൽകുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. 19 ലക്ഷം പേരെയാണ് കൃത്യമായി കണ്ടെത്താനാകാത്തതെന്നും ഇവർക്കെല്ലാം ഹിയറിംഗ് നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ കേൽക്കർ വിശദീകരിച്ചു.

ഒരാളെ ഹിയറിംഗിന് വിളിക്കണോ വേണ്ടയോ എന്നതിലെ വിവേചനാധികാരം അതത് നിയമസഭാ മണ്ഡലങ്ങളിലെ BLO മാർക്കാണ്. സമയ പരിധിയിൽ മതിയായ രേഖകൾ സമർപ്പിക്കാൻ വോട്ടർമാരോട് BLO മാർ ആവശ്യപ്പെടും.

✪✪✪

ചരിത്രത്തെ വളച്ചൊടിക്കാൻ ശ്രമം നടക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ആധുനികകാലത്ത് ചരിത്ര കോൺഗ്രസിന്റെ പ്രസക്തി ഏറെയാണെന്നും ഇതുവരെ നടത്തിയ ചരിത്ര കോൺഗ്രസുകൾക്ക് കേരളത്തിന് വലിയ സംഭാവനകൾ നൽകാൻ സാധിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ചരിത്ര കോൺഗ്രസിന്റെ ജനറൽ കൺവീനർ പ്രൊഫസർ രാജൻ ഗുരുക്കൾ അധ്യക്ഷനായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തോളം പ്രതിനിധികളാണ് ചരിത്രം കോൺഗ്രസിൽ പങ്കെടുക്കുന്നത്

✪✪✪

അന്തരിച്ച പ്രശസ്ത സംഗീതജ്ഞൻ MG രാധാകൃഷ്ണന്റെ പ്രതിമ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് അനാച്ഛാദനം ചെയ്തു. MG രാധാകൃഷ്ണൻ സ്മാരക പാർക്ക് മന്ത്രിമാരും സംഗീതജ്ഞരും ചേർന്ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. മന്ത്രി സജി ചെറിയാൻ, BJP നേതാവ് കുമ്മനം രാജശേഖരൻ, സംഗീത സംവിധായകരായ ഔസേപ്പച്ചൻ, ജയചന്ദ്രൻ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തൈക്കാട് ക്രിക്കറ്റ് അസോസിയേഷൻ ഗ്രൗണ്ടിന് സമീപമാണ് പ്രതിമയും പാർക്കും സ്ഥാപിച്ചിരിക്കുന്നത്.

✪✪✪

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തൃശ്ശൂർ ജവഹർ കൺവെൻഷൻ സെന്ററിൽ നിർവഹിക്കും. ഉച്ചയ്ക്ക് മന്ത്രി V.N വാസവൻ സെമിനാർ ഉദ്ഘാടനം ചെയ്യും. ജനുവരി നാല് വരെയാണ് സഹകരണ വാരാഘോഷം. സമാപന സമ്മേളനം ജനുവരി നാലിന് രാവിലെ ആലപ്പുഴയിലാണ്.

✪✪✪

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് മുന്നോടിയായി പ്രീലോഞ്ച് അന്താരാഷ്ട്ര ഗവേഷക സംഗമം നാളെ തിരുവനന്തപുരത്ത് നടത്തും. രാവിലെ കോവളത്ത് മന്ത്രി വീണാ ജോർജ്ജ് പരിപാടി ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് ഡോ. M ചന്ദ്രദത്തൻ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും.

✪✪✪

അഞ്ചാമത് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് വൈകിട്ട് സമാപിക്കും. ബേപ്പൂരിന് ജല - കായിക - സാഹസികതയുടെ മൂന്നു ദിനരാത്രങ്ങൾ സമ്മാനിച്ച ഫെസ്റ്റിലെ മത്സര വിജയികൾക്ക് സമാപന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

മലബാറിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഡ്രാഗൺ ബോട്ട് റേസ് ബേപ്പൂർ ബ്രേക്ക് വാട്ടറിലും, ചെസ് മത്സരം ചാലിയം ഹൈസ്കൂളിലും ഉച്ചകഴിഞ്ഞ് തുടങ്ങും. ഫെസ്റ്റിന്റെ ഭാഗമായ ഭക്ഷ്യമേള നാളെയും ഉണ്ടായിരിക്കും.

ഇന്നലെ മേളയുടെ ഭാഗമായി സംഘടിപ്പിച്ച ട്രഷർ ഹണ്ട് മത്സരത്തിൽ 24 ടീമുകൾ പങ്കെടുത്തു.

✪✪✪

ഇന്ത്യാ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം വൈകിട്ട് ഏഴിന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആരംഭിക്കും. മൂന്നു മത്സരം ജയിച്ച് ഇന്ത്യ, പരമ്പര സ്വന്തമാക്കിയിട്ടുണ്ട്. ആശ്വാസ ജയമാണ് ശ്രീലങ്കയുടെ ലക്ഷ്യം.

✪✪✪

പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള - സർഗോത്സവ-ത്തിന് കണ്ണൂരിൽ തുടക്കമായി. 22 മോഡൽ റസിഡൻഷ്യൽ സ്കൂളിലെയും 120 ഹോസ്റ്റലുകളിലെയും 1,500 ലധികം വിദ്യാർഥികളാണ് കലാമേളയിൽ പങ്കെടുക്കുന്നത്.

വൈകിട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മേള ഉദ്ഘാടനം ചെയ്യും. മന്ത്രി O.R കേളു അധ്യക്ഷനാകും.

✪✪✪

അടുത്ത മാസം തുടങ്ങുന്ന അണ്ടർ-19 ഏകദിന ലോകകപ്പിന് BCCI 15 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ആയുഷ് മാത്രെ നായകനും, വിഹാൻ മൽഹോത്ര ഉപനായകനുമാണ്. ബാറ്റിംഗ് മികവ് പ്രകടിപ്പിച്ച 14 കാരൻ വൈഭവ് സൂര്യവംശിയും ടീമിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജനുവരി 15 മുതൽ ഫെബ്രുവരി ആറു വരെ സിംബാബ്‌വെയും, നമീബിയയും സംയുക്തമായാണ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത്.

✪✪✪

പാലക്കാട് ചിറ്റൂരിൽ കാണാതായ ആറു വയസ്സുകാരൻ സുഹാന്റെ മൃതദേഹം സമീപത്തെ കുളത്തിൽ കണ്ടെത്തി. ഇന്നലെ രാവിലെയാണ് കുട്ടിയെ വീട്ടിൽ നിന്ന് കാണാതായത്. അമ്പാട്ടുപാളയം എരുമങ്കോട് സ്വദേശിയാണ് സുഹാൻ. മൃതദേഹം ജില്ലാ ആശുപത്രിയിലേക്ക് മാറ്റി.

പാലക്കാട് ചിറ്റൂരിൽ കുളത്തിൽ വീണ് മരിച്ച സുഹാന്റെ കുടുംബത്തിന് നിയമപരമായ സഹായം ഉറപ്പുവരുത്തുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കുട്ടിയുടെ വിയോഗം വലിയ നടുക്കമാണുണ്ടാക്കിയതെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി പറഞ്ഞു.

✪✪✪

സപ്ലൈകോ ഫെയറുകൾ ഇന്നും പ്രവർത്തിക്കും. ജില്ലാ - താലൂക്ക്തല ക്രിസ്മസ് - പുതുവത്സര ഫെയറുകൾ തുറന്നു പ്രവർത്തിക്കുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ, രജിന K*
*DEO : സി കെ സുബോധ്*